## കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ : അബ്ദുൾ ലത്തീഫ്. എ. വി.)

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – കോഴിക്കോട് ജില്ലയിൽ 01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമനം നൽകിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. ഈ ഓഫീസിലെ 19/04/2016 തീയതിയിലെ A8-4748/12 നമ്പർ ഉത്തരവ്.

2. ഈ ഓഫീസിലെ 21/05/2016 തീയതിയിലെ A8-4748/12 നമ്പർ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 26/04/2018 ലെ ഇ 10-5480/18 നമ്പർ കത്ത്

4. ഈ ഓഫീസിലെ 02/05/2018 തീയതിയിലെ A8-13/14 നമ്പർ ഉത്തരവ്.

5. ഈ ഓഫീസിലെ 22/05/2018 തീയതിയിലെ A8-13/14 നമ്പർ ഉത്തരവ്.

6. ഈ ഓഫീസിലെ 15/01/2022 ലെ DDP-KKD/1479/2020-A8 നമ്പർ നോട്ടീസ്.

### ഉത്തരവ് നമ്പർ : DDP-KKD/1479/2020-A8 തീയതി : 29/01/2022

കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനായി, ഫെബ്രുവരി 2016 വരെ പി.എസ്.സി. ശുപാർശ ചെയ്ത ഓഫീസ് അറ്റൻഡന്റുമാരുടെ കരട് സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഓഫീസിൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച്, ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം (2) പ്രകാരവും പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ നിയമനം നൽകിയിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാരെ ഉൾപ്പെടുത്തി സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കാൻ പരാമർശം (3) പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2016 മാർച്ച് മുതൽ പി.എസ്.സി. ശുപാർശ ചെയ്തതും 31.03.2018 വരെ നിയമനം നൽകിയതുമായ ഓഫീസ് അറ്റൻഡന്റുമാരുടെ കരട് സീനിയോറിറ്റി പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഓഫീസിൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച്, ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം (5) പ്രകാരവും പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമനം നൽകിയിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാരുടെ കരട് സീനിയോറിറ്റി പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കകം ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമിതരായ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക ഇതോടൊന്നിച്ചുള്ള അനുബന്ധം I പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

Signature Not Verified
Digitally signed by ABDUL LATHEEF A V
Date: 2022.01.29 12:07:25 IST
Reason: Approved

അബ്ദുൾ ലത്തീഫ്. എ. വി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും
(അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് അതത് ഗ്രാമ പഞ്ചായത്തുകളിൽ/ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് അറ്റൻഡന്റുമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, പരിശോധനക്കായി പട്ടികയുടെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.)

പകർപ്പ് :

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്.
3) എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും.
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം.
5) എ 3, സി1 സെക്ഷനുകൾ
6) കരുതൽ/അധികം.